LIBRARY ARCHIVES Kerala Legislative Assembly

## സ്നേഹപൂർവ്വം പദ്ധതി

334 (3622) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്നേഹപൂർവ്വം പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിന് അപേക്ഷകൾ സ്കൂൾ മുഖാന്തരം സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഈ വർഷം എത്ര അപേക്ഷകൾ ലഭിക്കുകയുണ്ടായി ;

(ബി) അർഹരായവരിൽ ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും ഈ പദ്ധതിയിൽ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യം പരിശോധിക്കുമോ ;

(സി) അതത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൂടി അപേക്ഷ ലഭിക്കുവാനും പൂരിപ്പിച്ചു നൽകുവാനുമുള്ള സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 856 അപേക്ഷകൾ ഓൺലൈനായി സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ് സൈറ്റിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സ്കൂൾ മേധാവികൾ 11 കുട്ടികളുടെ കമ്പ്യൂട്ടർ ജനറേറ്റഡ് ലിസ്റ്റ് മാത്രമാണ് ശിപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുള്ളത്.

(ബി) സ്നേഹപൂർവ്വം പദ്ധതി ആനുകൂല്യത്തിന് അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും ഈ ധനസഹായം ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിയ്ക്കുന്നുണ്ട്. ഇതിലേയ്ക്ക് പത്രക്കുറിപ്പ് നൽകുകയും പദ്ധതി സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകാൻ നടപടിയെടുത്തിട്ടുമുണ്ട്.

(സി) 10-10-2014 ലെ സാമൂഹ്യനീതി വകുപ്പിന്റെ സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ 83/2014/സാനീവ പ്രകാരം വിദ്യാഭ്യാസസ്ഥാപന മേധാവികൾ മുഖേന ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവി, തന്റെ സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ, പദ്ധതി മാനദണ്ഡങ്ങൾപ്രകാരം അർഹരായവരെ കണ്ടെത്തി അവരുടെ അപേക്ഷകൾ നിശ്ചിത മാതൃകയിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ വെബ്സൈറ്റ് (www.socialsecuritymission.gov.in) മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനാൻ പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്നില്ല. കൂടാതെ വിദ്യാഭ്യാസ സ്ഥാപന മേധാവിയ്ക്ക് അപേക്ഷകൾ സമർപ്പിയ്ക്കുന്നതുമായി ബന്ധപ്പെട്ട് തെരഞ്ഞെടുത്ത അദ്ധ്യാപകർക്ക് ഈ ചുമതല നൽകുന്നതിനായുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.